# പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2008 — 17.03.2015 ന് മറുപടിയ്ക്ക്

## വാമനപുരത്ത് കാട്ടുപന്നികളുടേയും കരങ്ങുകളുടേയും ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വാമനപുരം നിയോജകമണ്ഡലത്തിൽ കാട്ടുപന്നികളുടേയും കരങ്ങുകളുടേയും ആക്രമണങ്ങളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; | (ബി) വാമനപുരം നിയോജകമണ്ഡലത്തിൽ കാട്ടുപന്നികളുടേയും കരങ്ങുകളുടേയും ആക്രമണങ്ങളിൽ ആർക്കും ജീവഹാനി സംഭവിച്ചിട്ടില്ല. അതേ സമയം ഇവകളുടെ ആക്രമണത്തിൽ 10 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. |
| (ബി) മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും എത്ര തുകയാണ് നഷ്ടപരിഹാരമായി നല്കി വരുന്നത്; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള നിലവിലെ നഷ്ടപരിഹാരത്തുക താഴെ പറയും പ്രകാരമാണ്. |

| | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ |
| 2 | പരിക്ക് | പരമാവധി 75,000/- രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടിക വർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവായ മുഴുവൻ തുകയും ലഭിക്കും) |
| 3 | മരണം | 5 ലക്ഷം രൂപ |
| 4 | വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ |

വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം ഒരു വ്യക്തിക്ക് വർഷത്തിൽ ഒരിക്കൽ മാത്രമേ നൽകൂ എന്നുള്ള വ്യവസ്ഥ വർഷത്തിൽ നാല് തവണ എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിനും വനത്തിനോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകട മരണത്തിനും ചികിത്സയ്ക്കും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുണ്ട്.

കേരള നിയമസഭാ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ 14.02.2013-ലെ യോഗത്തിന്റെ ശുപാർശ പ്രകാരം വന്യജീവി ആക്രമണത്താൽ പരിക്കേൽക്കുന്നവർക്ക് പരമാവധി നഷ്ടപരിഹാരം 75,000/- രൂപയിൽ നിന്നും 1,00,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

| ചോദ്യം | ഉത്തരം |
|---|---|
| (സി) നഷ്ടപരിഹാരത്തുകയ്ക്ക് പുറമേ മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ ഇവർക്ക് നല്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) വന്യജീവി ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരത്തുകയ്ക്ക് പുറമെ മറ്റ് ആനുകൂല്യങ്ങളൊന്നും നല്കുന്നതിന് നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ.